(സി) ഇത് നടപ്പിലാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):

(എ) ഉണ്ട്.

(ബി) ആധുനിക രീതിയിൽ പോട്ട് ഹോൾ ഫില്ലിംഗ് മെഷീൻ ഉപയോഗിച്ച് റോഡുകളിലുണ്ടാകുന്ന കുഴികൾ സമയബന്ധിതമായി അടയ്ക്കുവാനും റോഡുകളിൽ ടാർ ചൂടാക്കുന്നതുമൂലമുണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനും പോട്ട് ഹോൾ ഫില്ലിംഗ് പണികൾ ചെയ്യുമ്പോൾ ഉണ്ടാകുന്ന ട്രാഫിക് ബ്ലോക്കുകൾ കുറയ്ക്കുവാനും അറ്റകുറ്റപ്പണികളുടെ ഈട് കൂട്ടുവാനുമാണ് ടി. പദ്ധതിയിലൂടെ ഉദ്ദേശിച്ചിരിക്കുന്നത്.

(സി) 28-5-2014-ലെ സ. ഉ. (സാധാ.) 708/14/പൊ.മ.വ. പ്രകാരം ആലപ്പുഴ, എറണാകുളം, മൂവാറ്റുപുഴ റോഡ്സ് ഡിവിഷനുകളിലെ 274 കി.മി. ദൈർഘ്യം വരുന്ന റോഡുകളിലെ കുഴിയടയ്ക്കുന്നതിന് M/s കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് മുഖേന "Python 5000" എന്ന pothole patching equipment ഉപയോഗിച്ച് ഒരു പൈലറ്റ് പ്രോജക്ട് ചെയ്യുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെങ്കിലും പണി ഏറ്റെടുക്കുവാനായി മുന്നോട്ടുവന്ന കമ്പനി പിൻവാങ്ങിയതിനാൽ ഇക്കാര്യത്തിൽ തുടർ നടപടികൾ ആയിട്ടില്ല

നെൽവയൽ നികത്തൽ

13(*254) ശ്രീ. പി. തിലോത്തമൻ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിൽ നെൽവയൽ നികത്തലിന് ആവശ്യമായ എന്തെല്ലാം മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) പത്ത് ഏക്കർ വരെയുള്ള നെൽവയൽ നികത്തുന്നത് നിയമവിധേയമാക്കാനുള്ള നടപടികളിൽ പരിസ്ഥിതി വകുപ്പ് എന്തെങ്കിലും തടസ്സവാദം ഉന്നയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം; വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് അവശേഷിക്കുന്ന നെൽപ്പാടങ്ങൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്):

(എ) 2015-ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്ടിന് അനുസൃതമായാണ് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുള്ളത്. 2008-ന് മുമ്പ് നികത്തപ്പോയതോ, നികത്തപ്പെട്ടതോ ആയ ഭൂമി, പ്രസ്തുത ഭൂമിയുടെ ന്യായവിലയുടെ 25% ഈടാക്കി ക്രമവൽക്കരിക്കാവുന്നതും, ന്യായവില പ്രസിദ്ധപ്പെടുത്തിയിട്ടില്ലാത്ത സംഗതിയിൽ ടി ഭൂമിയുടെ സമീപ പ്രദേശങ്ങളിലെ സമാന സ്വഭാവമുള്ള ഭൂമിയുടെ, ന്യായവിലയുടെ 25 ശതമാനത്തിന് തുല്യമായ തുക ഫീസായി ഈടാക്കിക്കൊണ്ട് അങ്ങനെയുള്ള രൂപാന്തരപ്പെടുത്തലോ പരിവർത്തനപ്പെടുത്തലോ നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ ക്രമവൽക്കരിക്കുന്ന തരത്തിലാണ് നെൽവയൽ സംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുള്ളത്.

(ബി) 10 ഏക്കർ വരെയുള്ള നെൽവയൽ നികത്തുന്നത് നിയമ വിധേയമാക്കുവാൻ നിലവിൽ വ്യവസ്ഥയില്ല. വ്യവസായം തുടങ്ങുന്നതിനും മറ്റുമായി ഇത്തരത്തിൽ നിലം നികത്തുന്നതിന് അനുവാദം നൽകുവാൻ ഉദ്ദേശിച്ചിരുന്ന വേളയിൽ ഇക്കാര്യത്തിൽ പരിസ്ഥിതി വകുപ്പിന്റെ അഭിപ്രായമാരാഞ്ഞിരുന്നു. പ്രസ്തുത വേളയിൽ ടി ആവശ്യ പൂർത്തികരണാർത്ഥം നെൽവയൽ നികത്തുന്നത് നിയമവിധേയമാക്കാനുള്ള നടപടികളിന്മേൽ നിയമ/ചട്ട രൂപീകരണത്തിന് ഈ വകുപ്പിന് അധികാരമുണ്ടെന്നും എന്നാൽ തണ്ണീർത്തടങ്ങളുടെ കാര്യത്തിൽ പ്രസ്തുത അധികാരം ഈ വകുപ്പിൽ നിക്ഷിപ്തമല്ലായെന്നും, കേന്ദ്രവിഷയമായ തണ്ണീർത്തടങ്ങളെ സംബന്ധിച്ച നിയമ/ചട്ടങ്ങൾ കേന്ദ്രസർക്കാർ ഇതിനോടകം നിർമ്മിച്ചിട്ടുണ്ടെന്നും പ്രസ്തുത നിയമ/ചട്ടങ്ങളുടെ ചുവടുപിടിച്ച് തണ്ണീർത്തട അതോറിറ്റി രൂപീകരണത്തിന് സംസ്ഥാനം തയ്യാറെടുക്കുന്നുവെന്നും ആകയാൽ തണ്ണീർത്തടങ്ങളെ സംബന്ധിച്ച ചട്ടങ്ങളുടെ രൂപീകരണം ഈ വകുപ്പ് നടത്തേണ്ടതില്ലായെന്നുമാണ് പരിസ്ഥിതി വകുപ്പ് അഭിപ്രായപ്പെട്ടത്.

(സി) സംസ്ഥാനത്ത് അവശേഷിക്കുന്ന നെൽപ്പാടങ്ങൾ സംരക്ഷിക്കുന്നതിന് ബൃഹത്തായ സംവിധാനമാണ് നിലവിലുള്ളത്. 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലും ചട്ടത്തിലും പ്രസ്തുത കാര്യത്തിൽ ഊന്നൽ നൽകിയിട്ടുണ്ട്. മേൽ നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി നെൽവയൽ പരിവർത്തന പ്പെടുത്തുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നപക്ഷം പ്രസ്തുത കാര്യത്തിൽ നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി കർശന നടപടികൾ കൈക്കൊണ്ടുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly